THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-11/120 12.04.2023

## ടെണ്ടർ നോട്ടീസ്
## കശുമാവ് റീപ്ലാന്റിംഗ്- ഇ-ടെൻഡർ/സീൽഡ് ടെൻഡർ

**പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെകൊടുത്തിട്ടുള്ള എസ്റ്റേറ്റുകളിൽ 2023 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന ഏരിയയിൽ, റീപ്ലാന്റിങ് മുന്നൊരുക്ക പ്രവൃത്തികൾക്കുള്ള (I, II) ഇ-ദർഘാസ് / ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു**

I. **പ്രവൃത്തി-I:** പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെകൊടുത്തിട്ടുള്ള എസ്റ്റേറ്റുകളിൽ 2023 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന ഏരിയ കാട് വെട്ടി, വൃത്തിയാക്കി തരുന്നതിന്
II. **പ്രവൃത്തി-II:** പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെകൊടുത്തിട്ടുള്ള എസ്റ്റേറ്റുകളിൽ 2023 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന, കാട് വെട്ടി, വൃത്തിയാക്കിയിട്ടിട്ടുള്ള ഏരിയയിൽ, നിബന്ധനകൾക്ക് വിധേയമായി ടെറസും(single terrace), കുഴിയുമെടുത്ത് തരുന്നതിന്

| ക്രമ നം. | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ | ബ്ലോക്ക് | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (approximate) | കുഴിയും, ടെറസ്സും ഉൾപ്പെടെ എണ്ണം (ഉദ്ദേശം) |
|---|---|---|---|---|---|
| 1. | കാസർഗോഡ്, കാസർഗോഡ് | പെരിയ | പെരിയ-II | 37.5 | 15000 |
| 2. | കാസർഗോഡ്, കാസർഗോഡ് | പെരിയ | കുനിയ | 18.86 | 7544 |
| 3. | രാജപുരം, കാസർഗോഡ് | പാണത്തൂർ | പാണത്തൂർ-I | 5 | 2000 |
| 4. | രാജപുരം, കാസർഗോഡ് | പാണത്തൂർ | കമ്മാടി-IA | 15 | 6000 |
| 5. | രാജപുരം, കാസർഗോഡ് | പാണത്തൂർ | കമ്മാടി-IB | 72.16 | 28864 |
| 6. | മണ്ണാർക്കാട്, പാലക്കാട് | തത്തേങ്ങലം | തത്തേങ്ങലം - IB | 50 | 20000 |
| 7. | മണ്ണാർക്കാട്, പാലക്കാട് | തത്തേങ്ങലം | തത്തേങ്ങലം -II | 70 | 28000 |
| 8. | ചന്ദനപ്പള്ളി, പത്തനംതിട്ട | ഡിവിഷൻ-എ | ബ്ലോക്ക്-1 | 21 | 8400 |
| 9. | ചന്ദനപ്പള്ളി, പത്തനംതിട്ട | ഡിവിഷൻ-ബി | ബ്ലോക്ക്-1 | 9 | 3600 |

## പ്രവർത്തി I-ന് മാത്രം ബാധകമായ നിബന്ധനകൾ

1. കാട് അടിച്ചേർത്ത് വെട്ടി, ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിൽ വാരിക്കൂട്ടി, ഏരിയ വൃത്തിയാക്കിത്തരുന്നതിന്, ഒരു ഹെക്ടർ ഏരിയക്ക് കോർപ്പറേഷൻ ക്രേതാവിനു നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്.
2. 20 ഇഞ്ചിൽ താഴെ ചുറ്റളവുള്ള മരങ്ങളും, മറ്റ് കുറ്റിക്കാടുകളും അടിച്ചേർത്തു മുറിച്ചുമാറ്റേണ്ടതാണ്.
3. വർക്ക് ഓർഡർ കിട്ടി 3 ദിവസത്തിനുള്ളിൽ കരാർ ജോലികൾ തുടങ്ങേണ്ടതും മെയ് 15 തീയതിക്കകം ജോലികൾ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുമാണ്.

## പ്രവർത്തി II-ന് മാത്രം ബാധകമായ നിബന്ധനകൾ

1. **കുഴികളുടെയും, ടെറസ്സിന്റെയും ഉദ്ദേശം എണ്ണമാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. ആയതു കൂടാനോ കുറയാനോ സാധ്യതയുണ്ട്.**
2. **3 X 3 അടി അളവിൽ ഒറ്റ ടെറസ്സ് (Single Terrace) എടുത്ത്, ആയതിന് മധ്യത്തിലായി 2 അടി നീളത്തിലും, 2 അടി വീതിയിലും, 2 അടി താഴ്ചയിലും ആണ് കുഴികൾ എടുക്കേണ്ടത്. ടെറസിന്റെ മുൻവശം മണ്ണുവെട്ടിമാറ്റി പുറകുവശത്തേക്കാൾ ഒരടി താഴ്ചയിൽ സ്ലോപ്പുണ്ടാക്കിയാണ് നിർമ്മിക്കേണ്ടത്.**
3. കുഴികൾ എടുക്കേണ്ട സ്ഥാനങ്ങളിൽ കോർപ്പറേഷൻ അടിച്ചിരിക്കുന്ന കുറ്റികൾ, ടെറസിന്റെ കൃത്യം നടുഭാഗത്ത് വരത്തക്കവിധമാണ് ടെറസ് വെട്ടേണ്ടത്. നിബന്ധനകൾപ്രകാരം ഗുണനിലവാരം ഇല്ലാത്ത ടെറസുകളും, കുഴികളും പേയ്മെന്റിനായി പരിഗണിക്കുന്നതല്ല.
4. ഇപ്രകാരം, ഒരു ടെറസ്സും, ഒരു കുഴിയും എടുത്തുതരുന്നതിനും കോർപ്പറേഷൻ ക്രേതാവിന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്.
5. വർക്ക് ഓർഡർ കിട്ടി 3 ദിവസത്തിനുള്ളിൽ കരാർ ജോലികൾ തുടങ്ങേണ്ടതും മെയ് 31 തീയതിക്കകം ജോലികൾ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുമാണ്.
6. ടെറസും കുഴിയും എടുക്കുന്ന ഏരിയയിൽ ഉണ്ടായേക്കാവുന്ന കല്ല്, വേരുകൾ, കുറ്റികൾ മുതലായവ ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിലേക്ക് ക്രേതാവ് തന്നെ നീക്കം ചെയ്തു തരേണ്ടതാണ്.
7. ഹിറ്റാച്ചി/ജെ സി ബി ഉപയോഗിച്ച് ടെറസ്സും കുഴിയും എടുക്കാൻ ബുദ്ധിമുട്ടുള്ള ഏരിയകളിൽ, ക്രേതാവ് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത പ്രവർത്തികൾ നിർവഹിക്കേണ്ടതാണ്.

## പ്രവർത്തി I, II എന്നിവക്ക് ബാധമായ പൊതുനിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | എസ്റ്റേറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ജസ്റ്റസ് കരുണ രാജൻ | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 0481-2578301-04 |
| പി.എം.ഇസ്മയിൽ | മാനേജർ | കാസർഗോഡ് | 0499-4250223, 9446076738,9496076070 |
| സജീവ് യു.വി. | മാനേജർ | രാജപുരം | 0467-2227247, 9447204200, 9496076066 |

| | | | |
|---|---|---|---|
| ഫാത്തിമ ഷിംജി | മാനേജർ | മണ്ണാർക്കാട് | 0492-4222264,<br>9895142394,<br>9496076062 |
| അരുൺകുമാർ ജി. | മാനേജർ | ചന്ദനപ്പള്ളി | 0468-2960008,<br>8547099101<br>9496076022 |

2. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
3. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ടെൻഡറിൽ പങ്കെടുക്കാൻ താല്പര്യമുള്ള ബ്ലോക്കുകൾക്ക്/ഡിവിഷന് പ്രത്യേകം പ്രത്യേകമായി തുക രേഖപ്പെടുത്തേണ്ടതാകുന്നു.
4. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 25.04.2023-ന് 10.30 AM വരെയാണ്. തുടർന്ന് അന്നേദിവസം 11.00 AM-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. ഇ-ദർഘാസ്സ് തുറക്കുന്ന തീയതി 26.04.2023-ന് 11.00 AM ആണ്.
5. ഇ-ടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 105-രൂപ ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഇ-ടെണ്ടർ/ സാധാരണ ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം ടെണ്ടർ നിരതദ്രവ്യമായി 5,000 രൂപ വീതം കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.
6. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച D.D.-യും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 10.30 AM-ന് മുൻപായി അതാത് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
7. ഇ-ദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗികമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
8. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
9. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
10. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം രാവിലെ 10.30-ന് നടത്തുന്നതായിരിക്കും.
11. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
12. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
13. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ

തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

14. 30%, 60%, 90% ജോലി പൂർത്തീകരിക്കുന്ന മുറക്ക്, ചെയ്തുതീർത്ത ജോലിയുടെ 70% തുക പാർട്ട് പേയ്മെന്റായി നൽകുന്നതാണ്.
15. മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി ഏരിയ പരിശോധിച്ച് കരാർ പ്രകാരമുള്ള ജോലികൾ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമായിരിക്കും ഫൈനൽ പേയ്മെന്റ് വിതരണം ചെയ്യുന്നത്
16. ടെൻഡർ ഉറപ്പിച്ചുകിട്ടുന്നയാൾ, അറിയിപ്പ് കിട്ടിയാൽ, 3 ദിവസത്തിനുള്ളിൽ, ടെൻഡറിൽ രേഖപ്പെടുത്തിയ ഒരു (ഹെക്ടർ ഏരിയക്കുള്ള) തുക, അകെ ഹെക്ടറുമായി ഗുണിച്ചുകിട്ടുന്ന തുകയുടെ 5 % തുകയോ, 50,000 രൂപയോ, ഇവയിൽ ഏതാണോ കുറവ്, ആയത് കരുതൽധനമായി കോർപ്പറേഷനിൽ കെട്ടിവെക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്.
17. കരുതൽധനം, ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.

Sd/

**മാനേജിംഗ് ഡയറക്ടർ**

<u>പ്രഖ്യാപനം:</u> **ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

1a. ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) :

b. ടിയാന്റെ വയസ്സ് :

c. ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ :

d മൊബൈൽ നമ്പർ :

e. അച്ഛന്റെ പേര് :

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം :

തീയതി :